പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 7847 — 23.07.2012 - ൽ മറുപടിക്ക്

രഘു വധക്കേസ് സംബന്ധിച്ച അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിൽ വച്ച് രഘു എന്നയാൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട മുഴുവൻ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; | (എ) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1652/2011 u/s 302, 34 IPC പ്രകാരമുള്ള കേസിലെ മൂന്നാം പ്രതിയെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) ഇവരിൽ ഓരോരുത്തരുടേയും പേരിൽ ചുമത്തപ്പെട്ട കുറ്റം എന്തൊക്കെയാണ്; | (ബി) ഒന്നാം പ്രതി സന്തോഷ്, രണ്ടാം പ്രതി സതീഷ് എന്നിവർക്കെതിരെ 302, 34 IPC പ്രകാരമുള്ള കുറ്റം ചുമത്തിയിട്ടുള്ളതാണ്. |
| (സി) പ്രതികളെ മുഴുവൻ പിടികൂടിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; പ്രതികളെ പിടിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; | (സി) ടി കേസിലെ മൂന്നാം പ്രതിയെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ്. സാക്ഷികളുടെ മൊഴികൾക്കനുസൃതമായി രേഖാചിത്രം തയ്യാറാക്കി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും പൊതുസ്ഥലങ്ങളിൽ പതിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (ഡി) ഒന്നും രണ്ടും പ്രതികളുടെ പേരിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ